# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3427** | **20-06-2018-ൽ മറുപടിക്ക്**

## ഐ.റ്റി. പാർക്കുകളിൽ വരുന്ന കമ്പനികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ഐ.റ്റി. പാർക്കുകളിൽ സ്ഥലം ആവശ്യപ്പെട്ട് കൂടുതൽ കമ്പനികൾ രംഗത്ത് വരുന്ന പ്രവണത ഉണ്ടായിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | ഈ സർക്കാരിന്റെ കാലയളവിൽ തിരുവനന്തപുരം ടെക്നോപാർക്കിൽ സ്ഥലം ആവശ്യപ്പെട്ട് എത്ര കമ്പനികൾ അപേക്ഷ നൽകിയിട്ടുണ്ട്; | ബി) | 203 കമ്പനികൾ അപേക്ഷ നൽകിയിട്ടുണ്ട്. |
| സി) | കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ ഐ.റ്റി. പാർക്കുകളിൽ എത്ര ചതുരശ്ര അടി സ്ഥലമാണ് ഐ.റ്റി. കമ്പനികൾ ഏറ്റെടുത്തിട്ടുള്ളത്; | സി) | കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ 3 ഐ.ടി പാർക്കുകളിലുമായി ഏകദേശം 4,69,087 ച.അടി സ്ഥലം ഐ.ടി കമ്പനികൾ ഏറ്റെടുത്തിട്ടുണ്ട്. |
| ഡി) | കൂടുതൽ ഐ.റ്റി. കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനും സംസ്ഥാനത്തെ ഒരു ഐ.റ്റി. ഹബ്ബാക്കി മാറ്റുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | | ഐ.ടി മേഖലയിൽ വളർച്ചാനിരക്ക് ത്വരിതപ്പെടുത്തുന്നതിനായി ഈ മേഖലയിലും മറ്റ് അനുബന്ധ മേഖലകളിലും പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള വ്യവസായങ്ങൾ കൂടുതൽ തലങ്ങളിലേക്ക് വികസിപ്പിക്കുന്നതിനുമായി ധാരാളം പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടാണ് പുതിയ ഐ.ടി നയം രൂപീകരിച്ചിട്ടുള്ളത്.<br><br>വിവര സാങ്കേതികവിദ്യാ മേഖലയുടെ വികസനത്തിന്റെ ഭാഗമായിട്ട് സംസ്ഥാന |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ കേരള ഐ.ടി പാർക്കുകൾ എന്ന ബ്രാൻഡിൽ പ്രവർത്തിക്കുന്ന ഐ.ടി പാർക്കുകളായ ടെക്നോപാർക്ക് -തിരുവനന്തപുരം, ഇൻഫോപാർക്ക് -കൊച്ചി, സൈബർപാർക്ക് – കോഴിക്കോട് എന്നീ പാർക്കുകളിൽ ഐ.ടി / ഐ.ടിഇ.എസ് സംരംഭങ്ങൾക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ചെറുതും ഇടത്തരവുമായ സംരംഭകർ ഉൾപ്പെട്ട അന്താരാഷ്ട്ര ഐ.ടി സംരംഭകർക്ക് മിതമായ നിരക്കിൽ SEZ/Non SEZ മേഖലകളിൽ ലഭ്യമാക്കുന്ന ലോകോത്തരനിലവാരമുള്ള ഐ.ടി അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സജ്ജീകരണങ്ങളും, ഭൂമി, കെട്ടിട സൗകര്യങ്ങൾ, ഫർണിഷ്ഡ് ബിസിനസ്സ് ഓഫീസുകൾ, സുതാര്യ കരാർ വ്യവസ്ഥകൾ, മിതമായ ജല-വൈദ്യുതി നിരക്കുകൾ, മികച്ച ജല-വൈദ്യുതി വിതരണ സംവിധാനങ്ങൾ, പവർ ബാക്കപ്പ് സംവിധാനം, ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, ഏകജാലക സംവിധാനം, വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ലളിതമായ നടപടിക്രമങ്ങൾ എന്നിവ സംസ്ഥാനത്ത് കൂടുതൽ ഐ.ടി സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതു വഴി നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരമൊരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ